3

# യോഹന്നാൻ സ്നാനം പഠിപ്പിച്ചു

*"യോഹന്നാൻ വന്നു മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചും കൊണ്ടിരുന്നു" (മർക്കൊസ് 1:4).*

യോഹന്നാൻ പഠിപ്പിച്ചതും പരിശീലിപ്പിച്ചതുമായ വഴിയൊരുക്കിയ സ്നാനം, അന്ധമായ അനുസരണമോ, ശൂന്യമായ ഒരു ചടങ്ങോ ആയിരുന്നില്ല. മനസിലാക്കി സമർപ്പണത്തോടെ ചെയ്തതായിരുന്നു. അതിന്റെ അർത്ഥവും ഉദ്ദേശവും മനസിലാക്കിയവർക്കുള്ള സ്നാനമായിരുന്നു അത്.

യോഹന്നാൻ, ഒരു വലിയ ദൈവ പുരുഷനായി തീർന്നു (മത്തായി 11:11), പ്രായമായ സെഖര്യാ പുരോഹിതന്റേയും ഭാര്യ, എലീശബെത്തിന്റേയും, മകനായി ജനിച്ച (ലൂക്കോസ് 1:5–7, 57). അവന്റെ ബന്ധുവായ യേശുവിനേക്കാൾ അവനു ആറുമാസം, പ്രായക്കൂടുതലുണ്ടായിരുന്നു (ലൂക്കോസ് 1:36). യോർദ്ദാൻ നദിക്കരികിലുള്ള യെഹൂദ്യാ മരുഭൂമിയിലായിരുന്നു ഏകദേശം മുപ്പതാം വയസിൽ യോഹന്നാൻ പ്രസംഗിച്ചു തുടങ്ങിയത് (മർക്കൊസ് 1:4, 5). അതായതു, യേശു സ്നാനമേറ്റു തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു ആറു മാസം മുമ്പ് ആയിരുന്നു അത് (ലൂക്കോസ് 3:21–23).

യോഹന്നാന്റെ സ്നാനത്തേയും ദൗത്യത്തേയും മൂന്നു പഠനത്തിലൂടെ വിലയിരുത്താവുന്നതാണ് (1) അവന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള പ്രവചനം, (2) അവന്റെ പ്രസംഗം, (3) അവൻ സ്നാനപ്പെടുത്തിയ ആളുകളുടെ പ്രതികരണം.

### യോഹന്നാനെക്കുറിച്ചുള്ള പ്രവചനം

യഹോവക്കു വഴി ഒരുക്കുവിൻ എന്നു മരുഭൂമിയിൽ യോഹന്നാൻ വിളിച്ചു പറയുമെന്നു യെശയ്യാവ് അവനെ കുറിച്ചു എഴുതി (യെശയ്യാവ് 40:3; ഇതു മത്തായി 3:3; ലൂക്കോസ് 3:4; യോഹന്നാൻ 1:23 എന്നീ

ഭാഗങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്). ദൈവത്തിന്റെ സന്ദേശം അറിയിച്ചു കർത്താവിന്നു വഴി ഒരുക്കുന്നവൻ എന്നാണ് മലാഖി അവനെ കുറിച്ചു പ്രവചിച്ചത് (മലാഖി 3:1; മത്തായി 11:10; ലൂക്കോസ് 1:76; 7:27). "[കർത്താവു] ഭൂമിയെ ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന്നു അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും" (മലാഖി 4:5, 6; ലൂക്കോസ് 1:17; മത്തായി 11:14; 17:10, 11; മർക്കൊസ് 9:11-13).

യോഹന്നാൻ ജനിക്കുന്നതിനു മുൻപ്,ഗബ്രിയേൽ ഭൂതൻ സെഖര്യാവിനോടു പറഞ്ഞു, "അവൻ യിസ്രായേൽ മക്കളിൽ പലരേയും അവരുടെ ദൈവമായ കർത്താവിങ്കലേക്കു തിരിച്ചു വരുത്തും, അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും, വഴ ങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ടു; ഒരു ക്കമുള്ളൊരു ജനത്തെ കർത്താവിന്നു വേണ്ടി ഒരുങ്ങുവാൻ അവന്നു മുമ്പായി ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും" (ലൂക്കൊസ് 1:16, 17; മലാഖി 4:6). യോഹന്നാനെ വരുവാനുള്ള ഏലി യാവായിട്ടു യേശു തിരിച്ചറിഞ്ഞു (മത്തായി 11:11-14; 17:11-13). യോഹ ന്നാൻ പഴയനിയമ പ്രവാചകനായിരുന്ന ഏലിയാവായിരുന്നില്ല (യോഹന്നാൻ 1:21); മറിച്ച്, അവൻ വന്നതു ഏലിയാവിന്റെ ആത്മാ വോടും ശക്തിയോടും കൂടെ ആയിരുന്നു (ലൂക്കോസ് 1:17).

കർത്താവിന്റെ വരവിനു വേണ്ടി യിസ്രായേൽ ജനത്തെ പുതു ക്കി ഒരുക്കേണ്ട പ്രവൃത്തിയായിരുന്നു യോഹന്നാന്റേത് (മലാഖി 3:1).

### യോഹന്നാന്റെ പ്രസംഗം

"ദൈവരാജ്യം, സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എ ന്നാ യിരുന്നു" യോഹന്നാന്റെ പ്രസംഗം (മത്തായി 3:1, 2). അവന്റെ ശുശ്രൂ ഷയിൽ "പാപങ്ങളുടെ മോചനത്തിനായുള്ള മാനസാന്തര സ്നാനവും ഉൾപ്പെട്ടിരുന്നു" (ലൂക്കോസ് 3:3).

തന്റെ അടുക്കൽ ആത്മാർത്ഥതയില്ലാതെ സ്നാനമേല്ക്കാൻ വന്ന വരെ യോഹന്നാൻ ശാസിക്കയുണ്ടായി, സർപ്പസന്തതികളേ വരുവാ നുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചു തന്നതു ആർ മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ (ലൂക്കൊസ് 3:7, 8). വരുവാനുള്ള മശിഹയിൽ അവർ വിശ്വസിക്കേണ്ട തിന്നു, അവരുടെ ജീവിതം മാറ്റുവാൻ തന്റെ അടുക്കൽ സ്നാനമേല് പാൻ വന്നവരോടു യോഹന്നാൻ പറഞ്ഞു (പ്രവൃത്തി 19:4). അവൻ വന്നു സ്നാനപ്പെടുത്തിയതു യേശുവിനെ മശിഹയായി സാക്ഷ്യപ്പെ ടുത്തേണ്ടതിനായിരുന്നു (യോഹന്നാൻ 1:31-34), യേശുവിൽ പരിശു ദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവു എന്ന പോലെ ഇറങ്ങി വരുന്നതു കണ്ടശേഷമായിരുന്നു യോഹന്നാൻ യേശുവിനെ സാക്ഷ്യപ്പെടുത്തേ

ണ്ടിയിരുന്നത് (ലൂക്കോസ് 3:21, 22).

താൻ യോഹന്നാനോ വരുവാനുള്ള മശിഹയോ അല്ലെന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുകയുണ്ടായി (യോഹന്നാൻ 1:20, 21). മശിഹക്കു വഴി ഒരുക്കുവാൻ വന്ന സന്ദേശവാഹകൻ എന്നു മാത്രമാണ് പറഞ്ഞത്. തന്നേക്കാൾ വലിയവനാണ് മശിഹ, എന്നും അവൻ യോഹന്നാനേക്കാളും മറ്റേതൊരു മനുഷ്യനേക്കാളും വലിയ പ്രവൃത്തി ചെയ്യുമെന്നും അവൻ പറഞ്ഞു-അവൻ പരിശുദ്ധാത്മാവു കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും എന്നും പറഞ്ഞു (ലൂക്കോസ് 3:16, 17).

### യോഹന്നാൻ സ്നാനപ്പെടുത്തിയവർ

യോഹന്നാനാൽ സ്നാനമേല്ക്കുവാൻ വന്നവർ അവരുടെ പാപാവസ്ഥയെ, മനസിലാക്കി ഏറ്റു പറഞ്ഞിരുന്നു (മർക്കൊസ് 1:5). ദൈ വ രാജ്യം ആസന്നമായിരുന്നു, എന്ന സന്ദേശം അവർ സ്വീകരിച്ചു. യോഹന്നാനുശേഷം വരുവാനുള്ളവനിൽ, അവർ വിശ്വസിച്ചു. അവർ തങ്ങളുടെ പാപങ്ങളിൽ നിന്നു, മാനസാന്തരപ്പെട്ടു യോഹന്നാൻ വാഗ്ദാനം ചെയ്ത ശുദ്ധീകരണം അവർ ആഗ്രഹിച്ചു. അവരുടെ പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ടു (മത്തായി 3:6) എന്തു ചെയ്യണമെന്നു ചോദിച്ചു (ലൂക്കോസ് 3:10-14), അവർ മാനസാന്തരപ്പെടുകയും അവരുടെ ജീവിതത്തെ മാറ്റുകയും ചെയ്യുവാൻ ഒരുങ്ങിയപ്പോൾ അവർ യോഹന്നാന്റെ സന്ദേശം ഉറപ്പിക്കുകയായിരുന്നു. യോഹന്നാന്റെ സ്നാനം, ഏറ്റതിലൂടെ അവന്റെ സന്ദേശം മുഴുവൻ അവർ സ്വീകരിച്ചു എന്നു സൂചിപ്പിക്കുന്നു.

യോഹന്നാൻ അവരിൽ നിന്നും ആവശ്യപ്പെട്ടതു തെളിയിക്കുന്നതു അവൻ സ്നാനത്തിന്റെ വെറും ഭൗതികമായ പ്രതികരണമല്ല ആവശ്യപ്പെട്ടത്, പിന്നെയോ മാനസാന്തരവും സ്നാനവും തന്റെ സന്ദേശത്തോടുള്ള അർത്ഥവത്തായ പ്രതികരണമാക്കുവാനാണ് (ലൂക്കോസ് 3:3; പ്രവൃത്തി 13:24).

### യോഹന്നാന്റെ ദൗത്യം

യോഹന്നാന്റെ പരിശ്രമം എന്തായിരുന്നു? ആളുകളെ സ്നാനപ്പെടുത്തുക മാത്രമായിരുന്നോ അവന്റെ ഉദ്ദേശം? അവർ സ്നാനപ്പെടുന്നതിലൂടെ അവർക്കു ദൈവത്തിലുള്ള വിശ്വാസം തെളിയിക്കുക മാത്രമായിരുന്നോ അവൻ ആഗ്രഹിച്ചത്? അവർ വെറുതെ ദൈവത്തെ അനുസരിക്കുന്നു എന്നു തെളിയിക്കുവാനാണോ അവൻ ആഗ്രഹിച്ചത്? അവരുടെ സ്നാനം പാപം ക്ഷമിക്കപ്പെട്ടുവെന്നോ, അവരെ മതപരമായ ഒരു സംഘത്തിലേക്കു ചേർക്കുവാനോ, അല്ലെങ്കിൽ ദൈവവേലക്കു അവരെ സമർപ്പിക്കേണ്ടതിന്നോ ആയിരുന്നോ? അവരുടെ സ് നാനം മനസിലാക്കലോ അവരുടെ ഹൃദയാവസ്ഥയോ പരിഗണി

ക്കാതെ അവരുടെ പാപങ്ങൾ മോചിക്കത്തക്ക ശക്തിയുള്ളതായിരുന്നോ?

ഒരു ചടങ്ങിൽ കൂടുതൽ യോഹന്നാന്റെ സ്നാനം ആവശ്യപ്പെട്ടിരുന്നു. യോഹന്നാന്റെ സ്നാനത്തെ കുറച്ചു കാണുന്നവർ ദൈവത്തിന്റെ ആലോചനയെകുറച്ചു കാണുകയാണ്. യോഹന്നാൻ സ്നാനമേല്ക്കാതെ, "യോഹന്നാന്റെ സ്നാനത്തെ തള്ളിക്കളയാത്തവർ, അവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശത്തെ തള്ളിക്കളഞ്ഞിരിക്കയാണ്" (ലൂക്കോസ് 7:30). മറ്റുള്ളവർ യോഹന്നാന്റെ സ്നാനം ഏറ്റു ദൈവത്തെ നീതീകരിച്ചു (ലൂക്കോസ് 7:29). ശരിയായി മനസിലാക്കി സ്നാനമേറ്റവർ, മനുഷ്യകല്പനയുടെ പ്രതികരണമായി*ട്ടല്ല*, ദൈവകല്പനയുടെ പ്രതീകമായിട്ടാണ് അങ്ങനെ ചെയ്യുന്നത്. യോഹന്നാന്റെ സ്നാനത്തോടു പ്രതികരിക്കാതിരുന്നവർ തള്ളിക്കളഞ്ഞത് മനുഷ്യന്റെ ആലോചന*യല്ല*, ദൈവത്തിന്റെ ആലോചനയത്രേ. പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം എന്ന ദൈവത്തിന്റെ ആവശ്യത്തെ സ്വീകരിക്കാതിരുന്നതിൽ അവർ പരാജയപ്പെട്ടു.

### യോഹന്നാന്റെ സ്നാനത്തിന്റെ ഫലം

ഹൃദയ പ്രേരണയാൽ നിർബന്ധമായി വരുത്തുന്ന പുതുക്കവും ശൂന്യമായ ചടങ്ങും ഫലത്തിൽ വ്യത്യാസം വരുത്തുന്നു. യോഹന്നാന്റെ പ്രസംഗത്തിന്റെ പ്രതികരണമായി വെറും സ്നാന പ്രവൃത്തി ചെയ്യുന്നവരുടെ ഹൃദയത്തിൽ ഒരു ഫലവും കാണുകയില്ല. ഒരാഘോഷത്തിനു കീഴ്പ്പെടുന്ന മനുഷ്യന്റെ ജീവിതം മാറുകയില്ല.

ആളുകളെ മാനസാന്തരത്തിലേക്കു കൊണ്ടു വരുവാനുള്ള ശ്രമമായിരുന്നു യോഹന്നാന്റെ പ്രസംഗത്തിലുണ്ടായിരുന്നത്. അവർ ഏറ്റ സ്നാനമല്ല; പ്രസംഗമാണ് അവരെ മാനസാന്തരത്തിനു പ്രേരിപ്പിച്ചത് (മത്തായി 12:41), മാനസാന്തരം അവരെ സ്നാനപ്പെടുവാൻ പ്രേരിപ്പിച്ചു. മാനസാന്തരപ്പെട്ടവർ അവന്റെ സ്നാനത്തിനു കീഴ്പ്പെട്ടു. മാനസാന്തരപ്പെടാത്തവർ അവന്റെ സ്നാത്തിന്നു കീഴ്പ്പെട്ടില്ല. അല്ലെങ്കിൽ മാനസാന്തര കുറവുകൊണ്ട് അവന്റെ സ്നാനം നിരസിച്ചു.

പരീശന്മാരും സദൃൂക്യരും മാനസാന്തരപ്പെടാതെ അവന്റെ സ്നാനം ഏല്ക്കുവാൻ വന്നപ്പോൾ, യോഹന്നാൻ അവർക്കെതിരായി സംസാരിച്ചു (മത്തായി 3:7–9). ദൈവത്തോടുള്ള അനുസരണത്തിൽ സ്നാനം മാത്രമാണ് അവൻ ആഗ്രഹിച്ചിരുന്നെതെങ്കിൽ, അവരെ സ്വീകരിച്ചിരിക്കുമായിരുന്നു, പക്ഷേ സ്നാനം മാത്രമായിരുന്നില്ല അവൻ അന്വേഷിച്ചത്. അവരുടെ സ്നാനത്തോടൊപ്പം മാനസാന്തരവും അവൻ അന്വേഷിച്ചു. അങ്ങനെ അവരുടെ പാപങ്ങളും മോചിക്കപ്പെടും (ലൂക്കോസ് 3:3).

മാനസാന്തരപ്പെട്ടവരെയാണ് യോഹന്നാൻ സ്നാനപ്പെടുത്തിയത്;

അവരുടെ മാനസാന്തരം നിമിത്തം അവർ, സ്നാനമേറ്റപ്പോൾ അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. പാപമോചനം മാനസാന്തരത്തിന്റേയും അടിസ്ഥാനത്തിലായിരുന്നു, അതു പാപമോചനത്തിനായുള്ള മാനസാന്തര സ്നാനമായിരുന്നു.

അനേകം പേർ യോഹന്നാന്റെ സ്നാനത്തോടു പ്രതികരിക്കയും അവന്റെ ശിഷ്യന്മാരാകുകയും ചെയ്തു (മത്തായി 9:14; യോഹന്നാൻ 1:35; 3:25; 4:1). യേശുവിനെ മറികടന്നു ശിഷ്യന്മാരെ ഉണ്ടാക്കുക എന്നതായിരുന്നില്ല അവന്റ ലക്ഷ്യം, മറിച്ചു അവന്റെ ശിഷ്യന്മാരെ യേശുവിന്റെ ശിഷ്യന്മാരാക്കൻ ഒരുക്കുകയായിരുന്നു. അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞതു ഞാനോ കുറയേണം, യേശുവോ വളരേണം എന്നായിരുന്നു, അതു അവനെ സന്തോഷിപ്പിച്ചു (യോഹന്നാൻ 3:25–30).

അപ്പൊസ്തലനായി തീർന്ന അന്ത്രെയോസ് അടക്കം അനവധി യോഹന്നാന്റെ, ശിഷ്യന്മാർ യേശുവിന്റെ അനുയായികളായി തീർന്നു (യോഹന്നാൻ 1:35, 40) പത്രൊസും ഒരുപക്ഷേ ആയിരിക്കാം. ചു രുക്കം ചിലരെങ്കിലും യോഹന്നാന്റെ സ്നാനമേറ്റവർ, പിന്നീട് ആ സ്നാനം യേശുവിലേക്കു നയിക്കുകയാണെന്നും യേശു പ്രഖ്യാപിച്ചപ്പോൾ, സ്നാനം ഏല്ക്കണമെന്നും തിരിച്ചറിഞ്ഞപ്പോൾ വീണ്ടും സ്നാനമേറ്റു (പ്രവൃത്തി 19:1–5).

**ഉപസംഹാരം**

ദൈവത്തോടുള്ള അന്ധമായ അനുസരണ പ്രവൃത്തി ആവശ്യപ്പെടുന്ന ചടങ്ങായിരുന്നില്ല. യോഹന്നാന്റെ സ്നാനം (1) പാപങ്ങളെ തിരിച്ചറിഞ്ഞവർക്ക്, (2) പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടവർക്ക്, (3) പാപമോചനം അന്വേഷിച്ചു കൊണ്ടിരുന്നവർക്ക്, (4) പെട്ടെന്നു വെളിപ്പെടുവാനുള്ള മശിഹയെ കുറിച്ചുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ചവർക്ക്, (5) ആസന്നമായിരിക്കുന്ന മശിഹയുടെ രാജ്യത്തിന്നായുള്ള ഒരുക്കമായി നീതിയുള്ള ജീവിതം നയിക്കാൻ തീരുമാനിച്ചവർക്ക്. യോഹന്നാന്റെ സ്നാനം പൊള്ളയായ ചടങ്ങോ അർത്ഥരഹിതമായ ആഘോഷമോ ആയിരുന്നില്ല. യോഹന്നാന്റെ സ്നാനം ഏല്ക്കുവാൻ വന്നവരോടു മനസിലാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അങ്ങനെ അവരുടെ പ്രതികരണം ശരിയായ ഉദ്ദേശത്തോടും ഹൃദയലക്ഷ്യത്തോടും ആയി.